"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - അവധിക്കാലത്ത് ലോവർ പ്രൈമറി - അപ്പർ പ്രൈമറി വിഭാഗം സ്കൂൾ അധ്യാപകർക്ക് ഇ-ലാംഗ്വേജ് ലാബ്- അവധിക്കാല ഐ ടി പരിശീലനം നൽകുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി )വകുപ്പ്**

സ.ഉ.(സാധാ) നം.2725/2022/GEDN തീയതി,തിരുവനന്തപുരം, 29-04-2022

---

പരാമർശം:- 1. സ.ഉ(സാധാ) നം. 804/2020/പൊ.വി.വ തീയതി 17.02.2020

2. കൈറ്റ് സി.ഇ.ഒയുടെ 21.04.2022-ലെ കൈറ്റ്/2022/1468 (6) നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ പൊതു വിദ്യാലയങ്ങളിൽ സമഗ്ര ഇ-ലൈബ്രറി, ഇ-ലാംഗ്വേജ് ലാബ്, ഇ-ബ്രോഡ്കാസ്റ്റ് എന്നിവയ്ക്ക് കൈറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. സർക്കാറിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി ഇ-ലാംഗ്വേജ് ലാബുകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2022 മാർച്ച് 11-ന് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഇ-ക്യൂബ് ഇംഗ്ലീഷ് ഇ-ലാംഗ്വേജ് ലാബ് പദ്ധതിയുടെ ഉദ്ഘാടനം നിർവിഹിച്ചതായും ചടങ്ങിൽ മുഴുവൻ അധ്യാപകർക്കും അവധിക്കാലത്ത് ഇ-ലാംഗ്വേജ് ലാബ് പരിശീലനം നൽകുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശീലനത്തിന് അനുമതി നൽകണമെന്നും പരാമർശം 2 കത്ത് പ്രകാരം കൈറ്റ് സി.ഇ.ഒ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 മെയ് മാസം മുതൽ സംസ്ഥാനത്തെ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം അധ്യാപകർക്ക് രണ്ട് ദിവസത്തെ ഇ-ലാംഗ്വേജ് ലാബ് ഐടി പരിശീലനം നടത്തുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായി ഓൺലൈൻ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശീലനത്തിന്റെ മോണിറ്ററിംഗ് നടത്തേണ്ടതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം

സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ, സമഗ്ര ശിക്ഷ, കേരളം, തിരുവനന്തപുരം
ഡയറക്ടർ, എസ് .ഐ .ഇ .റ്റി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sindhu S**
**Date: 29-04-2022 16:17:13**
സെക്ഷൻ ഓഫീസർ